*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 44 A

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**
**ജൂൺ 25, 2023**

# ദൃഢനിശ്ചയം, കാരുണ്യം, പട്ടിണി, വളരെ വിശ്വസ്തൻ

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.



കമലാപുരത്ത് സ്വാമി പഠിച്ച ക്ലാസ് മുറി

ഒരുവന് ഉണ്ടാവേണ്ട ദൃഢനിശ്ചയം, ഒരുവൻ എപ്രകാരം സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യണം. ഇവയൊക്കെ സ്വാമിയുടെ ജീവചരിത്രത്തിൽ നിന്ന് പഠിക്കേണ്ടിയിരിക്കുന്നു.

തീർച്ചയായും, മറ്റൊരു കാര്യമുണ്ട്. ഒരു പ്രത്യേക സാഹചര്യത്തിൽ, ജീവിതത്തിലെ ഏറ്റവും വലിയ ഒരു തെറ്റായിരുന്നു ചെയ്തതെന്ന് അവിടുന്ന് സമ്മതിക്കുകയുണ്ടായിട്ടുണ്ട്. അതിലേക്ക് നമുക്ക് പുറകാലെ വരാം!

ഇത് സംഭവിച്ചത്, അവിടുന്ന് പുഷ്പഗിരി മേളയ്ക്ക് ഒരു വാളന്റിയറായി പോയപ്പോഴാണ്. ഭഗവാൻ മേളയുടെ രണ്ടാം ദിനത്തിൽ അതിൽ പങ്കെടുക്കുന്നതിനായി ആഗ്രഹിച്ചു.

രണ്ടാം ദിനത്തിൽ, പതിവുപോലെ നടക്കുമ്പോൾ, ബാബ പറഞ്ഞു, ''ഉത്സവത്തിന് പോകണമെന്ന് എനിക്കു തോന്നി. ഞാൻ അതെക്കുറിച്ച് ചിന്തിക്കുകയുണ്ടായി. വിദ്യാർത്ഥികൾ ഓരോരുത്തരും 12 അണ വീതം-ചെറിയ നാണയം-അധ്യാപകനെ ഏൽപ്പിച്ചിരുന്നു. 10 അണ തിരികെ വരുന്നതിനുള്ള ബസ് കൂലിയും, 2 അണ മേളയിലെ ചെലവിനും ഉള്ളതായിരുന്നു. അവരവരുടെ ആഹാരത്തിന്റെ ചെലവ് അവരവർ തന്നെ വഹിക്കണം. എനിക്ക് ഡ്രസ്സൊന്നും ഉണ്ടായിരുന്നില്ല. വണ്ടിക്കൂലിക്കുള്ള കാശ് എനിക്ക് എവിടെനിന്ന് കിട്ടാനാണ്?''

''എങ്കിൽപ്പോലും, തയ്യാറെടുക്കുന്നതിന് ഞാൻ തീരുമാനിച്ചു. എല്ലാ വിഷയത്തിലുമുള്ള പാഠപുസ്തകങ്ങൾ എനിക്കുണ്ടായിരുന്നു. എന്നിരുന്നാലും, ഞാൻ അവയിലൊന്നു പോലും ഒരിക്കലും തുറന്നിട്ടില്ല. അപ്പോൾ പോലും എനിക്കുറപ്പായിരുന്നു അക്കൊല്ലം ഞാൻ പരീക്ഷ പാസ്സാവുമെന്ന്. പുസ്തകങ്ങളൊക്കെ പുത്തൻ പോലെയിരുന്നു-അവയെല്ലാം! പരീക്ഷ കഴിഞ്ഞാൽ ഈ പുസ്തകങ്ങളെല്ലാം അനാവശ്യമാണ്. അതുകൊണ്ട്, ഞാൻ അവ ഒരു പാവപ്പെട്ട പയ്യന് നൽകാൻ തീരുമാനിച്ചു.''



സ്കൂൾ ഗ്രൂപ്പ് ഫോട്ടോയിൽ നിന്ന്: സത്യ നാരായണ രാജു

ഞാൻ അവന്റെ വീട്ടിലേക്ക് പോയി, അവനോട് സാവധാനം വിശദീകരിച്ചു, ''നീ ഇക്കൊല്ലത്തെ പരീക്ഷ പാസ്സായിട്ടുണ്ട്. പക്ഷേ അടുത്ത കൊല്ലം, എന്തുതന്നെയായാലും നിനക്ക് ഈ പുസ്തകങ്ങൾ ആവശ്യമുണ്ട്. നീ ഇവ എടുക്കുന്നോ?''

അവൻ മറുപടി പറഞ്ഞു, ''ഞാൻ ഉറപ്പായും അവ വാങ്ങിക്കോളാം. പക്ഷേ ഞാനൊരു പാവപ്പെട്ട കുട്ടിയാണ്. പകുതി വിലയ്ക്ക് എനിക്കവ വേണമെന്നുണ്ടായിരുന്നു.''

ഞാൻ പറഞ്ഞു, ''പകുതി വിലയെന്നു പറഞ്ഞാൽ 13 അണ വരും. എനിക്ക് അത്രയും പോലും വേണ്ടാ. എനിക്ക് 5 അണ തന്നാൽ മതി. നിനക്ക് ഞാൻ എന്റെ എല്ലാ പുസ്തകങ്ങളും തന്നേക്കാം.''

“5 അണയ്ക്ക് പുസ്തകങ്ങൾ ലഭിച്ചതിൽ ആ പാവം കുട്ടിക്ക് വളരെ സന്തോഷമായി, അല്ലായിരുന്നു എങ്കിൽ 20 രൂപയ്ക്കു മേൽ വരുമായിരുന്നു അവന്.

അക്കാലത്ത്, കറൻസി നോട്ടുകൾ ഉണ്ടായിരുന്നില്ല. ഞങ്ങൾക്ക് തീരെ ചെറിയ ചില്ലറ നാണയങ്ങളായ ഡമ്മിഡി, ബൊട്ടു, അണ, ബേഡ, പവാല മുതലായവയാണ് ഉണ്ടായിരുന്നത്. ആ കുട്ടി തുകയത്രയും ചെറു നാണയത്തുട്ടുകളായിട്ടാണ് കൊണ്ടുവന്നത്. ഈ



നാണയമെല്ലാം കൂടി എങ്ങനെ കൊണ്ടു പോവും എന്നതായി അടുത്ത പ്രശ്നം. ഞാൻ എന്റെ പഴയ ഷർട്ടിന്റെ ഒരു കഷണം എടുത്തു, നാണയമെല്ലാം കൂടി അതിലിട്ടു, എന്നിട്ട് അത് മുറുക്കി കെട്ടി.

ഈ ചെറിയ നാണയക്കിഴി പൊട്ടിത്തുറന്ന് മുഴുവൻ നാണയങ്ങളും താഴെവീണ് ചിതറി. നാണയത്തിന്റെ കിലുകിലാരവം കേട്ട് അസ്വസ്ഥയായി ആ വീട്ടിലെ ഗൃഹനാഥ പുറത്തുവന്ന് നോക്കി. ചിതറിക്കിടക്കുന്ന നാണയങ്ങൾ അവർ കണ്ടു, കോപിഷ്ഠയായി അവളുടെ പണം ഞങ്ങൾ മോഷ്ടിച്ചു എന്ന് ബഹളം വച്ചു.

എനിക്ക് നാണയങ്ങൾ തന്ന ആ പയ്യനെ ഞാൻ കാട്ടിക്കൊടുത്തിട്ടും, അവർ എന്റെ വിശദീകരണത്തിനൊന്നും ചെവി തരാൻ തയ്യാറായില്ല. അവർ ഞങ്ങളെ കള്ളന്മാരായി മുദ്രകുത്തി.

ഞങ്ങൾക്ക് നല്ല അടി തന്നിട്ട് അവർ ആഹാരം പോലും തരാതെ ഞങ്ങളെ പുറത്താക്കി. എന്താണ് ചെയ്യുക? ഞാൻ ആ വീടിനു പുറത്ത് നിൽക്കുകയാണെങ്കിൽ, കാഴ്ചക്കാർക്കെല്ലാം സംശയമുണ്ടാവും. എന്തിനാണ് ഞാനവിടെ നിൽക്കുന്നതെന്ന് അവർ ചോദിക്കും. അതൊരു കുടുംബപ്രശ്നമായിരുന്നു, അതിന് പരസ്യം നൽകരുത്, അല്ലെങ്കിൽ ആ കുടുംബത്തിന്റെ അഭിമാനത്തിന് ക്ഷതമേൽക്കും!

അതിനാൽ, ഇനിയും കൂടുതലായി കാത്തുനിൽക്കാതെ, മേളയിലേക്ക് പോകാമെന്ന് ഞാൻ വിചാരിച്ചു. മേള 11 കിലോ മീറ്ററുകൾ ദൂരെയാണ്, മറ്റൊന്നും ചിന്തിക്കാതെ നേരെ നടന്ന് പോവുന്നതിന് ഞാൻ തീരുമാനിച്ചു.

നിലാവെട്ടമുള്ള രാത്രികളായിരുന്നു അത്, പൂർണചന്ദ്രൻ നേരത്തേതന്നെ മാനത്ത് നിലാവു പൊഴിച്ച് ശോഭിക്കുന്നുണ്ടായിരുന്നു. ധാരാളം ആൾക്കാർ മേളയ്ക്ക് നടന്നു പോവുന്നുണ്ട്, ഞാനും അവർക്കൊപ്പം വച്ചുപിടിച്ചു, ആ ദൂരമത്രയും കാൽനടയായി താണ്ടി.

അന്നു രാത്രി ഞങ്ങൾ മേളസ്ഥലത്ത് എത്തിച്ചേർന്നു. വെളുപ്പാൻകാലം ആയപ്പോഴേക്ക്, ആൺകുട്ടികളൊക്കെ നന്നായി വേഷം ധരിച്ച്, വിസിലടിച്ചുകൊണ്ട് അങ്ങുമിങ്ങും നടക്കാൻ തുടങ്ങി. അത്ര ദൂരം നടന്നതിനാൽ ഞാൻ വളരെ ക്ഷീണിതനായിരുന്നു. കൂടാതെ, വേനൽക്കാലവും. എനിക്ക് വലിയ ദാഹം തോന്നി. ഒരിടത്തും എനിക്ക് വെള്ളം കാണാൻ കഴിഞ്ഞില്ല. ഒടുവിൽ, കുറച്ചകലെയായി ഞാൻ കുറച്ച് വെള്ളം കണ്ടു, അത് കുടിക്കാനായി അവിടെ പോയി. കന്നുകാലികളെ കുളിപ്പിക്കുന്ന വെള്ളമായിരുന്നു അത്. അത് വളരെ മലിനമായിരുന്നു. എനിക്ക് വളരെ ദാഹമുണ്ടായിരുന്നതിനാൽ, ഞാനാ വെള്ളം കുടിച്ചു.




ഞാൻ തിരിഞ്ഞു നോക്കുമ്പോൾ അവിടെ ഒരു കല്ലിന്റെ പുറത്ത് ഒരു ഇന്ത്യൻ നിർമ്മിത സിഗരറ്റ് പായ്ക്കറ്റും ഒരു അണയും ഇരിക്കുന്നത് കണ്ടു. ആരോ അത് മറന്നു പോയതാവണം. ചുറ്റുമുള്ള ആളുകളോടൊക്കെ അത് അവരുടേതാണോ എന്ന് ഞാൻ തിരക്കുകയുണ്ടായി, പക്ഷേ ആരുംതന്നെ അതിന് അവകാശികളായി വന്നില്ല. അപ്പോൾ ഞാനാ സിഗരറ്റ് പായ്ക്കറ്റ് കീറി അത് മണ്ണിൽ കുഴിച്ചിട്ടു. ആ ഒരണ ഞാനെടുത്തു-അതിന് 4 ബൊട്ടു മൂല്യമുണ്ടായിരുന്നു, കുറച്ചു കൂടി താണ ചില്ലറയായിരുന്നു അത്.

മേളയിൽ എനിക്ക് 8 ദിവസം കൂടി തങ്ങേണ്ടതുണ്ട്. 4 ബൊട്ടു കൊണ്ട് എങ്ങനെ കഴിഞ്ഞുകൂടും എന്ന് ഞാൻ സ്വയം ചിന്തിച്ചു. എന്നിട്ട് ഞാൻ എന്റെ ജീവിതത്തിലെ ഒരേയൊരു തെറ്റ് ചെയ്തു. അതൊരു വലിയ തെറ്റ് ആയിരുന്നു. മേളയ്ക്കു വരുന്നവർ 'ബുഡാ ബുഡാ കട്ടേ' എന്ന ഒരു കളി കളിക്കുമായിരുന്നു, അത് ഒരു തരം ചൂതുകളിയാണ്. ഞാൻ ആ പന്തയം കളിച്ചു, 12 അണ സമ്പാദിച്ചു. ഇപ്പോൾ എന്റെ കൈ നിറയെ കാശായി. എന്റെ അവിടുത്തെ താമസത്തിന് ആ പൈസ മതിയാകും എന്ന് എനിക്ക് തോന്നി. ബാക്കി നാണയം വല്ലതും ഉണ്ടെങ്കിൽ, എനിക്ക് പ്രസാദവും വാങ്ങി വീട്ടിലേക്ക് പോവാം.

അക്കാലത്ത്, ഒരു ബൊട്ടു കൊടുത്താൽ മൂന്ന് വലിയ ദോശ കിട്ടും. അന്ന് അതിന് വലിയ വിലക്കുറവുണ്ടായിരുന്നു. ഒരുവൻ കാലത്ത് മൂന്ന് ദോശയും വൈകിട്ട് മൂന്ന് ദോശയും കഴിച്ചാൽ, ഒരു ദിവസം രണ്ട് ബൊട്ടു കൊണ്ട് കഴിഞ്ഞുകൂടാം. ഞാൻ നേരത്തേ പ്ലാൻ ചെയ്തതു പ്രകാരം, ആദ്യദിവസം ഒരു ബൊട്ടു കൊടുത്ത് മൂന്ന് ദോശ വാങ്ങി കഴിച്ചു. അവർ വളരെ എരിവുള്ള മുളകു പൊടിയും വിളമ്പി, ദോശയ്ക്കൊപ്പം അത് മരാല മുളകു പോലെയിരുന്നു.

എന്റെ കൈവശം 11 അണയും 3 ബൊട്ടുവും ബാക്കിയുണ്ട്. ഈ ചില്ലറ സുരക്ഷിതമായി സൂക്ഷിക്കുന്നതായിരുന്നു പുതിയ പ്രശ്നം. എന്റെ കൈവശം ആകെയുള്ളത് ഒരു ടവലാണ്. ടവലിന്റെ ഒരു മൂലയ്ക്കായി ഞാനാ ചില്ലറ മുറുക്കി കെട്ടി വച്ചു. എനിക്ക് കിടക്കയില്ല, വിരിപ്പില്ല, തലയിണയുമില്ല. ഞാൻ അവിടെത്തന്നെ മണലിൽ ആഴത്തിലുള്ള ഒരു കുഴിയുണ്ടാക്കി, ആ നാണയക്കെട്ട് അതിനുള്ളിൽ വച്ചിട്ട് വീണ്ടും അതിനു മുകളിലായി മണൽ വിരിച്ചു. അതിനു മുകളിലായി ഞാൻ എന്റെ ടവൽ വൃത്തിയായി വിരിച്ചിട്ട് ഉറങ്ങാൻ കിടന്നു.

പകൽ മുഴുവനും ജോലി ചെയ്ത് തളർന്നിരുന്നതു കൊണ്ട്, ഞാൻ ഉടനടി ഗാഢനിദ്രയിലേക്ക് വഴുതി, നന്നായി ഉറങ്ങി. വിധിയെ തടുക്കാനാവില്ലല്ലോ, ആരോ ആ പണം മോഷ്ടിച്ചു കടന്നു. ഇനി ഞാൻ എന്തു ചെയ്യാനാണ്? അടുത്ത മൂന്ന് ദിവസങ്ങൾ ഞാൻ ആഹാരമില്ലാതെ ചെലവഴിച്ചു. എന്നിരുന്നാലും, എന്റെ കൂട്ടുകാരിലൊരാൾ ഇത് കണ്ടുപിടിച്ചു, എനിക്കു വേണ്ടി അധ ികമായി രണ്ട് ദോശ കൂടി കൊണ്ടുവന്നു. മൂന്ന് ദിവസങ്ങളിൽ അവൻ എന്നെ ഇപ്രകാരം സംരക്ഷിച്ചു!"


Mr. Sesham Raju, Sathya's elder brother

വീട്ടിലേക്ക് മടങ്ങേണ്ട സമയമായി. അവിടെ, ശേഷമ്മ രാജുവിന്റെ, അവിടുത്തെ മൂത്ത സഹോദരന്റെ പത്നി അവരുടെ ഗർഭത്തിന്റെ 9-ാം മാസം പൂർത്തിയാക്കുന്ന വേളയായിരുന്നു. മേളയിൽ നിന്ന് തിരികെച്ചെല്ലുന്നവരൊക്കെ പ്രസാദം വാങ്ങി വീട്ടിൽ കൊണ്ടുപോവുന്നത് ഒരു പതിവായിരുന്നു. അതൊരു പ്രധാന ഉത്സവമാണ്. വെറും കൈയോടെ വീട്ടിലേക്ക് മടങ്ങുന്നത് ശരിയല്ലായിരുന്നു. ശേഷമ്മ രാജുവിന്റെ പത്നിക്ക്, അവിടുത്തെ ജ്യേഷ്ഠത്തിക്കായി എങ്കിലും പ്രസാദം കൊണ്ടുപോകണം. ഇതിന് ആരെനിക്ക് കാശു തരും?

ഞാനാ പയ്യന്റെ അടുത്തു ചെന്ന് എനിക്ക് ഒരണ തരണമെന്ന് അപേക്ഷിച്ചു. അര അണ കൊടുത്ത് ഞാൻ മഞ്ഞളും കുങ്കുമവും വാങ്ങി, ബാക്കി കൊണ്ട് പൂക്കളും പഴങ്ങളും വാങ്ങി. അവയൊക്കെ പൊതിഞ്ഞു കെട്ടി വീട്ടിലേക്ക് നടന്നു.

ഇപ്രകാരം വളരെ പ്രയാസപ്പെട്ട് ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ, ശേഷമ്മ രാജു വീട്ടിലുണ്ടായിരുന്നു. അതൊരു അവധി ദിവസമായിരുന്നു, അദ്ദേഹം തന്റെ മേശമേൽ വച്ച് ഏതോ ഹോം വർക്ക് ചെയ്തുകൊണ്ടിരിക്കുന്നു. ഞാൻ അവിടെ ഇല്ലാതിരുന്ന 8 ദിവസക്കാലം കുടിവെള്ളം കൊണ്ടുവരാൻ ആരുമുണ്ടായിരുന്നില്ല. അക്കാരണത്താൽ അദ്ദേഹം എന്നെ കോപത്തോടെ നോക്കി. വീട്ടിലുള്ളവരും എനിക്കെതിരെ പരാതിപ്പെട്ടിട്ടുണ്ടാവും.



ഞാൻ കൊണ്ടുവന്ന പ്രസാദം ഞാനാ മേശപ്പുറത്തു വച്ചു. അദ്ദേഹം ഒരു റൂൾത്തടി ഉപയോഗിച്ച് ഒരു കഷണം പേപ്പറിൽ വരയിട്ടുകൊണ്ടിരിക്കുകയായിരുന്നു. ആ റൂളർ കൊണ്ട് അദ്ദേഹം എന്നെ അടി തുടങ്ങി. ഞാൻ എന്റെ കൈകൊണ്ട് തടയാൻ നോക്കി, കൈ ചതഞ്ഞു, അത് നീരും വച്ചു. അടിയുടെ ഊക്ക് കാരണം റൂളർ മൂന്നു കഷണമായി ഒടിഞ്ഞു.

ആ സമയത്ത്, പുട്ടപർത്തിയിൽനിന്ന് കുറച്ച് സന്ദർശകർ ഞങ്ങളുടെ ഭവനത്തിലേക്ക് വന്നിരുന്നു. എന്റെ നീര് വച്ച കൈ കണ്ടിട്ട്, എന്തു പറ്റിയതാണെന്ന് അവർ തിരക്കുകയുണ്ടായി. എന്റെ കൈ ഒന്നു പൊള്ളിയെന്നു പറഞ്ഞ് ഞാൻ അവരെ തൃപ്തരാക്കി പറഞ്ഞയച്ചു.

പുട്ടപർത്തിയിൽ എത്തിയപ്പോൾ അവർ ഈ സംഭവത്തെക്കുറിച്ച് വലിയ ഒരു കഥയുണ്ടാക്കി, എന്നിട്ട് അച്ഛനോട് പറഞ്ഞു, “നിങ്ങളെന്തിനാണ് നിങ്ങളുടെ മകനെ അവിടെ കൊണ്ടാക്കിയിരിക്കുന്നത്? അവർ അവനെ ഒത്തിരി ഉപദ്രവിക്കുന്നുണ്ട്. എത്രയും പെട്ടെന്ന് നിങ്ങളുടെ മകനെ പുട്ടപർത്തിക്ക് കൂട്ടിക്കൊണ്ടു വരിക!”

ഇത് കേട്ടപ്പോൾ എന്റെ പിതാവ് എന്റെയടുത്തെത്താൻ പിന്നെ വൈകിയില്ല. അദ്ദേഹം എന്റെ മുറിവുകൾ കണ്ടു, വളരെയധികം വിഷമിച്ചു, എന്നാൽ നിശ്ശബ്ദമായി എല്ലാം ഒതുക്കി. ആരോടും ഇതെപ്പറ്റി സംസാരിക്കാതെ, അടക്കിയ രോഷത്തോടെ, അദ്ദേഹം നേരം ഇരുട്ടുന്നതു വരെ വീട്ടിൽ ഉലാത്തി. രാത്രി എട്ടു മണിയായിട്ടുണ്ടാവും. അപ്പോൾ തനിക്ക് പുറത്തൊന്നു പോവണമെന്ന് അദ്ദേഹം എന്നെ അറിയിച്ചു. “എനിക്കൊരു റാന്തൽ തരൂ”, അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹം എന്തോ പ്ലാൻ ചെയ്യുകയാണെന്ന് എനിക്ക് മനസ്സിലായി.

ശേഷമ്മ രാജു റാന്തൽ കൊണ്ടുവന്നു, അത് എന്റെ കൈയിൽ തന്നിട്ട്, അച്ഛനെ അനുഗമിക്കാൻ എന്നോട് പറഞ്ഞു.

ഇവിടെ, സ്വന്തം പിതാവിനെപ്പോലും ഉപദേശിക്കാൻ തക്കവിധമുള്ള ഭഗവാന്റെ അപാരമായ വിവേകം ദയവായി ശ്രദ്ധിക്കുക.



പെദ്ദ വെങ്കമ രാജുവും ഈശ്വരമ്മയും

എന്റെ പിതാവ് പുറത്തേക്ക് പോയി. കുറച്ചു ദൂരം നടന്നിട്ട്, അദ്ദേഹം എന്റെ മുമ്പിൽ നിന്നു, എന്റെ കൈ പിടിച്ചിട്ട് തന്റെ കണ്ണുകളിൽ കണ്ണീരോടെ ഉറച്ച ശബ്ദത്തിൽ പറഞ്ഞു, "നീ എന്തിനാണ് ഇവിടെ കഷ്ടപ്പെടുന്നത്? ഉടൻതന്നെ എനിക്കൊപ്പം വരിക! ഇനി ഒരു നിമിഷത്തേക്ക് നീ ഇവിടെ നിന്നുകൂടാ. നിനക്ക് വിദ്യാഭ്യാസം കിട്ടുമോ എന്നത് വിഷയമല്ല. നിനക്ക് ആഹാരത്തിന് വകയില്ലാതായാൽ, ഞാൻ ഭിക്ഷ യാചിച്ച് നിന്നെ വളർത്തും. നീ ഇവിടെയിങ്ങനെ കഷ്ടപ്പെടുമ്പോൾ, എനിക്കിതു കാണാൻ വയ്യാ, ഇല്ല! ഇല്ല! ഇനിയും നീയിവിടെ നിൽക്കണ്ടാ. ഒരുവന് ജീവനുണ്ടെങ്കിൽ, ഉപ്പ് വിറ്റിട്ടായാവും ജീവിക്കാം." അദ്ദേഹം കനത്ത ഹൃദയത്തോടെയാണ് ഇതു പറഞ്ഞത്.

അദ്ദേഹം എന്നിട്ട് ഉറച്ച ശബ്ദത്തിൽ പറഞ്ഞു, "നീ ഇവിടെ നിഷ്കരുണം അടി കൊള്ളുകയാണ്. ഇനി നിന്നെ ഇവിടെ നിൽക്കാൻ സമ്മതിച്ചുകൂടാ!"

ഞാൻ അദ്ദേഹം പറഞ്ഞതെല്ലാം കേട്ടു, എന്നിട്ട് സാവധാനം മറുപടി നൽകി, "അങ്ങ് പറയുന്നത് ശരിയായ കാര്യമല്ല. ആളുകൾ അവർക്ക് തോന്നുന്നത് സംസാരിക്കും. നമ്മുടെ ബന്ധുക്കൾ ഇവിടെ കുഴപ്പത്തിലാണിപ്പോൾ, അവരുടെ കുട്ടി നഷ്ടപ്പെട്ടതുകൊണ്ട്. ദയവായി പോകൂ! ഞാൻ പതിനഞ്ച് ദിവസം കൂടി ഇവിടെ നിൽക്കാം, എന്നിട്ട് മിണ്ടാതെ അങ്ങു വരാം. ഇപ്രകാരം നമ്മളൊരുമിച്ച് ഇപ്പോൾ പോകുന്നത് ശരിയാണെന്ന് തോന്നുന്നില്ല!"

ഞാൻ അദ്ദേഹത്തോട് മൃദുവായി സംസാരിച്ച് എന്റെ വാക്കുകളുടെ ആത്മാർത്ഥത അദ്ദേഹത്തെ ബോധ്യപ്പെടുത്തി. ധാർമ്മികതയോടെ, ഇത്തരത്തിൽ സമാശ്വസിക്കപ്പെട്ട്, ഞാൻ പറഞ്ഞതു മുഴുവനും കേട്ടിട്ട്, അദ്ദേഹം പറഞ്ഞു, "ശരി, ഞാൻ പോവുകയാണ്!"
രണ്ടാമത്തെ ദിവസം അദ്ദേഹം തനിയെ പുട്ടപർത്തിക്ക് പോയി.

അദ്ദേഹം എന്നോട് ഇതും തിരക്കി, "നിനക്ക് തുണിയോ മറ്റെന്തെങ്കിലുമോ വേണോ?"

ഞാൻ ഉടനടി പറഞ്ഞു, "വേണ്ട. എനിക്ക് വേണ്ടാ. എനിക്ക് എല്ലാമുണ്ട്!"
ഇത്തരത്തിൽ ഞാൻ അദ്ദേഹത്തെ സന്തോഷിപ്പിച്ച് യാത്രയാക്കി. പുട്ടപർത്തിയിലേക്ക് പോകുന്ന വഴിക്ക്, അദ്ദേഹം ഷീല സുബ്ബണ്ണ തുണിക്കടയിൽ ചെന്നിട്ട് അപേക്ഷിച്ചു. "എന്റെ കുട്ടിക്ക് തുണി വേണമെങ്കിൽ, ദയവായി തുന്നിക്കൊടുക്കാനുള്ള ഏർപ്പാട് ചെയ്യണം. ഞാൻ നിങ്ങൾക്ക് പണം അയച്ചുതരാം!"

നാം പഠിക്കേണ്ട മൂല്യങ്ങൾ ഇവയാണ്-പിതാവിനൊപ്പം മടങ്ങുന്നത് നിരസിച്ചുകൊണ്ട്, സ്വാമി കുടുംബത്തിന്റെ അന്തസ്സ് ഏപ്രകാരമാണ് കാത്തതെന്ന്, വലിയ സാമ്പത്തിക പ്രശ്നങ്ങളിലും എങ്ങനെയാണ് അവിടുന്ന് പിടിച്ചുനിന്നതെന്ന്, പണത്തിന്റെ ദൗർലഭ്യം കാരണം അവിടുന്ന് എങ്ങനെയാണ് പട്ടിണി കിടന്നതെന്ന്, മേളയിൽ പങ്കുകൊള്ളണമെന്ന ദൃഢനിശ്ചയത്തോട് ഒട്ടിനിന്നത് എങ്ങനെയാണ് എന്ന്, ഒരു പാവപ്പെട്ട കുട്ടിക്ക് പാഠപുസ്തകങ്ങൾ നൽകുമ്പോൾ അവിടുന്ന് എത്ര സത്യസന്ധനായിരുന്നു എന്ന്!

ഇവയാണ് മൂല്യങ്ങൾ, ദയവായി ധരിച്ചാലും! അവതാരത്തിന്റെ ജീവചരിത്രം ഒരു കഥയല്ല. അത് നിറയെ പഠിക്കാനുള്ള പാഠങ്ങളാകുന്നു.

നമുക്ക് അടുത്ത ലക്കത്തിൽ തുടരാം. നിങ്ങൾക്ക് നന്ദി.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)